LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിന് തിരുത്തൽ നടപടികൾ

25 (*655) ശ്രീമതി സി. കെ. ആശ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം ഏതൊക്കെ ഇനത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്കാണ് നല്കിയിട്ടുള്ളത്;

(ബി) സഹകരണ മേഖലയെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി മുൻസർക്കാർ ധാരാളം കടലാസ് സംഘങ്ങൾക്ക് അംഗത്വം നല്കിയതിന്റെ ദൂഷ്യഫലങ്ങൾ വിശദമാക്കുമോ;

(സി) സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം തിരുത്തൽ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗത്വം പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമാണ് നൽകിയിട്ടുള്ളത്.

(ബി) ഒരു ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും ബാങ്കിംഗ് ഇടപാട് നടത്തുന്ന അർബൻ സഹകരണ ബാങ്കുകളുടെയും സെൻട്രൽ സഹകരണസംഘമായ ജില്ലാ സഹകരണ ബാങ്കിൽ ജില്ലയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട സഹകരണസംഘങ്ങൾക്കും അംഗത്വം നൽകിയതുമുഖേന, പ്രാഥമിക കാർഷിക വായ്പാസഹകരണസംഘങ്ങൾക്കും അംഗത്വം നൽകിയതുമുഖേന, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിയിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല.

(സി) സഹകരണമേഖലയെ ശാക്തീകരിക്കുന്നതിനായി 14 ജില്ലാ സഹകരണബാങ്കുകളെയും സംസ്ഥാന സഹകരണബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനും ജില്ലാ

സഹകരണബാങ്കുകളിലും സംസ്ഥാന സഹകരണബാങ്കിലും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കി കോമൺ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ച് ചർച്ചകൾ നടന്നുവരുന്നു. പ്രാഥമിക കാർഷികവായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

ഉപഭോക്തൃമേഖലയിൽ കൂടുതൽ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. എസ്.സി/എസ്.ടി ഫെഡറേഷൻ വഴി ആയുർവേദ മരുന്നുകളുടെ വിതരണം-ആയുർധാര ശക്തിപ്പെടുത്തൽ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണം, 1000 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, 5 ലക്ഷം വൃക്ഷത്തൈകൾ നടുന്ന പദ്ധതി, സഹകരണസംഘങ്ങൾ വഴി സോളാർ പദ്ധതികളുടെ നടത്തിപ്പിനായി അനർട്ടുമായി ചേർന്ന് സംയുക്ത പദ്ധതി, സഹകരണ സംഘങ്ങളെ അഴിമതി വിമുക്തമാക്കുക ഇങ്ങനെ നിരവധി പദ്ധതികളാണ് സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്.

**സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ**

26 (*656) <u>ശ്രീമതി. വീണാ ജോർജ്ജ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ സഹകരണ സംഘങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഡീഫൈബറിംഗ് യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) രണ്ടാം കയർ പുന:സംഘടനാ സ്കീം പ്രകാരമുള്ള മില്ല് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly